15/02/22

05-02-22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.2847(4)/18 /എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.15361 /എസ്.ഐ.സി-ജി2/2018 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 05.02.2022**

ശ്രീ. കലാദേവി.എൻ,
കലാലയം,
പട്ടംതുരുത്ത്.പി.ഒ.,
മൺറോതുരുത്ത്-691 601. — അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കൊല്ലം- 691 013.

— എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിക്കാരി 06.08.2018 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ ഓഫീസായ മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.06.2012 ലെ യോഗ മിനിറ്റ്സ് ഉൾപ്പെടെ അഞ്ചിന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ലായെന്നതാണ് പരാതി.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 15.10.2019 ന് കൊല്ലം കളക്ടറേറ്റിൽ വെച്ചു ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരിയും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3) ശ്രീ സേതു.എ, എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിനോട് ചേർന്നുള്ള പഞ്ചായത്തു വക തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് തനിക്കു തന്നതെന്നും, എന്നാൽ മറ്റൊരു പാലം റിസോർട്ടിലേക്ക് പണിതിട്ടുണ്ടെന്നും, അതിന്റെ വിവരങ്ങളാണ് താൻ ആവശ്യപ്പെട്ടതെന്നും, അത് പക്ഷേ ഒന്നാം എതിർകക്ഷി നൽകിയില്ലെന്നും, അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു.

4) എന്നാൽ ഇത്തരമൊരു പാലം പണിയുന്നതിന് അനുവാദം നൽകിയതായി പഞ്ചായത്തിൽ രേഖകളൊന്നും ഇല്ലെന്ന്, ഒന്നാം എതിർകക്ഷി പറഞ്ഞു. 2012-ലെ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, അപേക്ഷക പരാമർശിക്കുന്ന തരത്തിലുള്ള ഒരു അപേക്ഷ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. നിലവിൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിലുള്ള കലുങ്ക്-പാലം എന്നിവയ്ക്ക് നേരിട്ട് അനുമതി നൽകുന്നില്ലെന്നും, ശ്രീ സേതു എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകയായ ശ്രീമതി.കലാദേവി തടസ്സവാദം ഉന്നയിക്കുകയും, അതുമായി ബന്ധപ്പെട്ട് ശ്രീ.സേതുവുമായി വ്യക്തിപരമായ വിദ്വേഷം ഉണ്ടായതുമൂലമാണ് ഇത്തരത്തിലൊരു അപേക്ഷക്ക് കാരണമായിട്ടുള്ളതെന്നും, അപേക്ഷക 1674/2018 (14.05.2018), 1661/2018 (14.05.2018), 1817/2018 (02.06.2018) എന്നീ തീയതികളിൽ സമാന വിഷയവുമായി ബന്ധപ്പെട്ട് വിവരാവകാശ അപേക്ഷകൾ നൽകിയിട്ടുള്ളതും അവയ്ക്ക് മറുപടി നൽകിയിട്ടുള്ളതുമാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5) ഇതെല്ലാം കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരി പരാമർശിക്കുന്ന പാലം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയതായി രേഖകളില്ലായെന്ന് പഞ്ചായത്ത് സെക്രട്ടറി കൂടിയായ ഒന്നാം എതിർകക്ഷി ബോധിപ്പിക്കുമ്പോൾ, അതു വിശ്വാസത്തിലെടുക്കുക മാത്രമേ കഴിയുകയുള്ളൂ. എന്നു പറഞ്ഞാൽ, ഒന്നാം എതിർകക്ഷിയുടെ പക്കലുള്ള വിവരം ടിയാൻ നൽകി കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് പാലം പണിതിട്ടുള്ളത് എങ്കിൽ, അത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ മറ്റു നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

6) നിലവിൽ ഒന്നാം എതിർകക്ഷി ലഭ്യമായ വിവരങ്ങൾ നൽകി കഴിഞ്ഞ പശ്ചാത്തലത്തിൽ ഇതിന്മേൽ മറ്റു നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 05.02.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**